# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2968 18.06.2019 -ൽ മറുപടിക്ക്

## മലയാളം പഠിപ്പിക്കാത്ത സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | കാസർകോട് ജില്ലയിൽ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിൽ മലയാളം പഠിപ്പിക്കാത്ത സ്കൂളുകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | എ | ഉണ്ട്.<br>സർക്കാർ സ്കൂളുകൾ- 20<br>എയ്ഡഡ് സ്കൂളുകൾ- 62<br>അൺ- എയ്ഡഡ് സ്കൂളുകൾ- 7<br>ആകെ സ്കൂളുകൾ - 89 |
| ബി | പഠിക്കാൻ കുട്ടികളെ കിട്ടാത്തത് കൊണ്ടോ സർക്കാറിന്റെ സഹായങ്ങളും ആനുകൂല്യങ്ങളും കിട്ടാത്തത് കൊണ്ടോ ആണോ മലയാളം പഠിപ്പിക്കാൻ ഇത്തരം സ്കൂളുകളിൽ സാഹചര്യം ഇല്ലാതെപോയതെന്ന് വ്യക്തമാക്കാമോ; | ബി | മലയാളം അറിയാവുന്ന അധ്യാപകർ ഇല്ലാത്തതിനാലാണ് ഇത്തരം സ്കൂളുകളിൽ മലയാളം പഠിപ്പിക്കാൻ സാഹചര്യം ഇല്ലാത്തത്. |
| സി | മലയാളം മീഡിയം ക്ലാസ്സുകൾ തുടങ്ങി ആവശ്യമായ അദ്ധ്യാപകരെ നിയമിച്ചിട്ടും നിയമനാംഗീകാരം കാത്തുകഴിയുന്ന എയ്ഡഡ് സ്കൂളുകൾ കാസർകോട് ജില്ലയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | സി | ഉണ്ട്. കുമ്പള വിദ്യാഭ്യാസ ഉപജില്ലയിലെ എസ്.ഡി.പി.എ.യു. പി.സ്കൂൾ ബൻപുത്തടക്കയിൽ മല യാളം മീഡിയം ക്ലാസ്സുകൾ തുടങ്ങി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഏഴാം ക്ലാസ്സിലേക്കാണ് മാനേജർ അധ്യാപികയെ നിയമിച്ചത്. മല യാളം മീഡിയം ഏഴാം തരത്തിന് അനുമതി നല്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| ഡി | മലയാളം മീഡിയം ഹൈസ്കൂളുകളില്ലാത്ത പഞ്ചായത്തുകൾ കാസർകോട് ജില്ലയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | ഡി | ഉണ്ട്. കാസർഗോഡ് വിദ്യാഭ്യാസ ജില്ലയിലെ രണ്ട് പഞ്ചായത്തുകളിൽ മലയാളം മീഡിയം ഹൈസ്കൂളുകളില്ല.<br>1.വൊർക്കാടി പഞ്ചായത്ത്<br>2.കുംബഡാജെ പഞ്ചായത്ത് |
| ഇ | ഒരു പഞ്ചായത്തിൽ ഒരു മലയാളം മീഡിയം ഹൈസ്കൂളുകൾ പോലും ഇല്ല എന്ന കുറവ് പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ? | ഇ | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ